**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 330** **29-01-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമപെൻഷനുകളുടെ കേന്ദ്ര വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം ക്ഷേമ പെൻഷനുകളാണ് നിലവിലുള്ളതെന്നും ഇവയിൽ ഓരോന്നിലും കേന്ദ്ര വിഹിതം എത്രവീതമാണെന്നും വ്യക്തമാക്കുമോ; | (എ) | ഇന്ദിരാഗാന്ധി ദേശിയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശിയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശിയ വികലാംഗ പെൻഷൻ, 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിങ്ങനെ അഞ്ചിനം സാമൂഹ്യ സുരക്ഷാ പെൻഷനുകളും, സാംസ്കാരിക വകുപ്പ മുഖേനയുള്ള കലാകാര പെൻഷൻ, അവശ കലാകാര പെൻഷൻ, കായിക യുവജന ക്ഷേമ വകുപ്പ മുഖേനയുള്ള സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പ മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ, തൊഴിലും നൈപുണ്യവും വകുപ്പ മുഖേനയുള്ള മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷൻ എന്നിവയും ചുവടെ ചേർത്തിട്ടുള്ള ക്ഷേമനിധി ബോർഡു പെൻഷനുകളുമാണ് സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്നത്.<br><br>1. കർഷക ക്ഷേമ പെൻഷൻ (കൃഷി വകുപ്പ് വഴി)<br><br>2. മത്സ്യ തൊഴിലാളി ക്ഷേമ ബോർഡ്<br><br>3. ലോട്ടറി തൊഴിലാളി ക്ഷേമ ബോർഡ്<br><br>4 ക്ഷീര കർഷക തൊഴിലാളി ക്ഷേമ ബോർഡ്<br><br>5. കയർ തൊഴിലാളി ക്ഷേമ ബോർഡ്<br><br>6. ഖാദി തൊഴിലാളി ക്ഷേമ ബോർഡ്<br><br>7. വ്യാപാരി ക്ഷേമ ബോർഡ്<br><br>8. അസംഘടിത തൊഴിലാളി ക്ഷേമ നിധി ബോർഡ്<br><br>9. ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്<br><br>(സ്കാറ്റേർഡ് വിഭാഗം) |

| | | | |
|---|---|---|---|
| | | | 10. ആഭരണ തൊഴിലാളി ക്ഷേമ ബോർഡ്<br><br>11. ചെറുകിട തോട്ടം തൊഴിലാളി ക്ഷേമ ബോർഡ്<br><br>12. ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമബോർഡ്<br><br>13. ബീഡി-സിഗാർ തൊഴിലാളി ക്ഷേമ ബോർഡ്<br><br>14. തയ്യൽ തൊഴിലാളി ക്ഷേമ ബോർഡ്<br><br>15. കൈത്തറി തൊഴിലാളി ക്ഷേമ ബോർഡ്<br><br>16. കശുവണ്ടി തൊഴിലാളി ക്ഷേമ ബോർഡ്<br><br>കൂടാതെ 13 ക്ഷേമനിധി ബോർഡുകൾ (ചുമട്ടു തൊഴിലാളി സ്കാറ്റേർഡ് വിഭാഗം ഒഴികെ)അവരുടെ തനതു ഫണ്ടിൽ നിന്നും ക്ഷേമ പെൻഷൻ നൽകുന്നുണ്ട്. കേന്ദ്ര സംസ്ഥാന വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം-1** ആയി ചേർത്തിരിക്കുന്നു. |
| (ബി) | പെൻഷൻ ഇനത്തിൽ കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ട തുക കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പെൻഷന് എത്ര രൂപ വീതമാണ് കുടിശ്ശികയുള്ളത്; വിശദമാക്കാമോ; | (ബി) | 2023 ജൂൺ മാസം വരെയാണ് കേന്ദ്രവിഹിതം ലഭിച്ചിട്ടുള്ളത്. 2023 ജൂലൈ മുതൽ 2024 ജനുവരി വരെയുള്ള കേന്ദ്ര വിഹിതം കുടിശികയാണ്. എങ്കിലും 2023 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ കേന്ദ്രവിഹിതം ഉൾപ്പടെയുള്ള തുക സംസ്ഥാന സർക്കാർ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. 2023 ജൂലൈ മുതൽ 2024 ജനുവരി വരെയുള്ള മാസങ്ങളിലെ കേന്ദ്രവിഹിത കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധം-2** ആയി ചേർത്തിരിക്കുന്നു. |
| (സി) | കേന്ദ്രം നൽകാനുള്ള തുക ഉൾപ്പെടെയാണോ സംസ്ഥാനം പെൻഷനായി വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നി മൂന്നിനം സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്. ടി മൂന്ന് പെൻഷനുകളിൽ കേന്ദ്ര വിഹിതം ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതം കൂടി ചേർത്ത് 1600/-രൂപയാണ് സംസ്ഥാനം പെൻഷനായി വിതരണം ചെയ്യുന്നത്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം-1ൽ ചേർത്തിട്ടുണ്ട്. 2023 ജൂലൈ മാസം മുതലുള്ള കേന്ദ്രവിഹിതം ലഭിച്ചിട്ടില്ല. അപ്രകാരം ലഭിക്കേണ്ടുന്ന കേന്ദ്രവിഹിതവും സംസ്ഥാനം തന്നെ അഡ്വാൻസായി നൽകി കൊണ്ടാണ് പെൻഷൻ വിതരണം ചെയ്യുന്നത്. ഈ തുക സംസ്ഥാനത്തിന് കേന്ദ്രം റീ-ഇംബേഴ്സ്മെന്റായി അനുവദിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

## സാമൂഹ്യ ക്ഷേമ പെൻഷൻ - കേന്ദ്ര / സംസ്ഥാന വിഹിതം വിവരങ്ങൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | കേന്ദ്ര പ്രതിമാസ നിരക്ക് | കേന്ദ്ര പ്രതിമാസ വിഹിതം | സംസ്ഥാന പ്രതിമാസ നിരക്ക് | സംസ്ഥാന പ്രതിമാസ വിഹിതം | ആകെ പ്രതിമാസ വിഹിതം |
|---|---|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (60 മുതൽ 79 വയസ് വരെ) | 3,42,032 | 200 | 6,84,06,400 | 1400 | 47,88,44,800 | 54,72,51,200 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (80 വയസിന് മുകളിൽ) | 1,16,781 | 500 | 5,83,90,500 | 1100 | 12,84,59,100 | 18,68,49,600 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (60 വയസിനു മുകളിൽ കേന്ദ്ര സഹായമില്ലാതെ സംസ്ഥാനം മാത്രം നൽകുന്നത്) | 23,21,636 | 0 | 0 | 1600 | 371,46,17,600 | 371,46,17,600 |
| **ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ആകെ** | **27,80,449** | | **12,67,96,900** | | **432,19,21,500** | **444,87,18,400** |
| ഇന്ദിരാഗാന്ധി വികലാംഗ പെൻഷൻ (കേന്ദ്ര സഹായം ഉള്ളത്) | 66,928 | 300 | 2,00,78,400 | 1300 | 8,70,06,400 | 10,70,84,800 |
| ഇന്ദിരാഗാന്ധി വികലാംഗ പെൻഷൻ (കേന്ദ്ര സഹായമില്ലാതെ സംസ്ഥാനം മാത്രം നൽകുന്നത്) | 3,22,436 | 0 | 0 | 1600 | 51,58,97,600 | 51,58,97,600 |
| **ഇന്ദിരാഗാന്ധി വികലാംഗ പെൻഷൻ ആകെ** | **3,89,364** | | **2,00,78,400** | | **60,29,04,000** | **62,29,82,400** |
| ഇന്ദിരാഗാന്ധി വിധവ പെൻഷൻ (കേന്ദ്ര സഹായം ഉള്ളത്) | 3,20,715 | 300 | 9,62,14,500 | 1300 | 41,69,29,500 | 51,31,44,000 |
| ഇന്ദിരാഗാന്ധി വിധവ പെൻഷൻ (കേന്ദ്ര സഹായമില്ലാതെ സംസ്ഥാനം മാത്രം നൽകുന്നത്) | 9,84,258 | 0 | 0 | 1600 | 157,48,12,800 | 157,48,12,800 |
| **ഇന്ദിരാഗാന്ധി വിധവ പെൻഷൻ ആകെ** | **13,04,973** | | **9,62,14,500** | | **199,17,42,300** | **208,79,56,800** |

| | | | | | | |
|---|---|---|---|---|---|---|
| 50 വയസ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ(കേന്ദ്ര സഹായമില്ലാതെ സംസ്ഥാനം മാത്രം നൽകുന്നത്) | 82,522 | 0 | 0 | 1600 | 13,20,35,200 | 13,20,35,200 |
| കർഷക തൊഴിലാളി പെൻഷൻ(കേന്ദ്ര സഹായമില്ലാതെ സംസ്ഥാനം മാത്രം നൽകുന്നത്) | 3,29,484 | 0 | 0 | 1600 | 52,71,74,400 | 52,71,74,400 |
| **ആകെ** | **48,86,792** | | **24,30,89,800** | | **757,57,77,400** | **781,88,67,200** |

അനുബന്ധം 2

## സാമൂഹ്യ സുരക്ഷ പെൻഷൻ കേന്ദ്ര വിഹിത കുടിശ്ശിക വിവരം

| | Central share No | rate | amount per month (Rs.) | Arrear for 7 months (Rs.) |
|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (60 മുതൽ 79 വയസ് വരെ) | 3,42,032 | 200 | 6,84,06,400 | 47,88,44,800 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (80 വയസിന് മുകളിൽ) | 1,16,781 | 500 | 5,83,90,500 | 40,87,33,500 |
| **ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ആകെ** | **4,58,813** | | **12,67,96,900** | **88,75,78,300** |
| ഇന്ദിരാഗാന്ധി വികലാംഗ പെൻഷൻ (കേന്ദ്ര സഹായം ഉള്ളത്) | 66,928 | 300 | 20078400 | 14,05,48,800 |
| ഇന്ദിരാഗാന്ധി വിധവ പെൻഷൻ (കേന്ദ്ര സഹായം ഉള്ളത്) | 3,20,715 | 300 | 96214500 | 67,35,01,500 |
| **ആകെ** | **8,46,456** | | **24,30,89,800** | **170,16,28,600** |

**<u>അനുബന്ധം 1</u>**

## സാമൂഹ്യ ക്ഷേമ പെൻഷൻ - കേന്ദ്ര / സംസ്ഥാന വിഹിതം വിവരങ്ങൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | കേന്ദ്ര പ്രതിമാസ നിരക്ക് | കേന്ദ്ര പ്രതിമാസ വിഹിതം | സംസ്ഥാന പ്രതിമാസ നിരക്ക് | സംസ്ഥാന പ്രതിമാസ വിഹിതം | ആകെ പ്രതിമാസ വിഹിതം |
|---|---|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (60 മുതൽ 79 വയസ് വരെ) | 3,42,032 | 200 | 6,84,06,400 | 1400 | 47,88,44,800 | 54,72,51,200 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (80 വയസിന് മുകളിൽ) | 1,16,781 | 500 | 5,83,90,500 | 1100 | 12,84,59,100 | 18,68,49,600 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ (60 വയസിനു മുകളിൽ കേന്ദ്ര സഹായമില്ലാതെ സംസ്ഥാനം മാത്രം നൽകുന്നത്) | 23,21,636 | 0 | 0 | 1600 | 371,46,17,600 | 371,46,17,600 |
| **ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ആകെ** | **27,80,449** | | **12,67,96,900** | | **432,19,21,500** | **444,87,18,400** |
| ഇന്ദിരാഗാന്ധി വികലാംഗ പെൻഷൻ (കേന്ദ്ര സഹായം ഉള്ളത്) | 66,928 | 300 | 2,00,78,400 | 1300 | 8,70,06,400 | 10,70,84,800 |
| ഇന്ദിരാഗാന്ധി വികലാംഗ പെൻഷൻ (കേന്ദ്ര സഹായമില്ലാതെ സംസ്ഥാനം മാത്രം നൽകുന്നത്) | 3,22,436 | 0 | 0 | 1600 | 51,58,97,600 | 51,58,97,600 |
| **ഇന്ദിരാഗാന്ധി വികലാംഗ പെൻഷൻ ആകെ** | **3,89,364** | | **2,00,78,400** | | **60,29,04,000** | **62,29,82,400** |
| ഇന്ദിരാഗാന്ധി വിധവ പെൻഷൻ (കേന്ദ്ര സഹായം ഉള്ളത്) | 3,20,715 | 300 | 9,62,14,500 | 1300 | 41,69,29,500 | 51,31,44,000 |
| ഇന്ദിരാഗാന്ധി വിധവ പെൻഷൻ (കേന്ദ്ര സഹായമില്ലാതെ സംസ്ഥാനം മാത്രം നൽകുന്നത്) | 9,84,258 | 0 | 0 | 1600 | 157,48,12,800 | 157,48,12,800 |
| **ഇന്ദിരാഗാന്ധി വിധവ പെൻഷൻ ആകെ** | **13,04,973** | | **9,62,14,500** | | **199,17,42,300** | **208,79,56,800** |

| | | | | | | |
|---|---|---|---|---|---|---|
| 50 വയസ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ(കേന്ദ്ര സഹായമില്ലാതെ സംസ്ഥാനം മാത്രം നൽകുന്നത്) | 82,522 | 0 | 0 | 1600 | 13,20,35,200 | 13,20,35,200 |
| കർഷക തൊഴിലാളി പെൻഷൻ(കേന്ദ്ര സഹായമില്ലാതെ സംസ്ഥാനം മാത്രം നൽകുന്നത്) | 3,29,484 | 0 | 0 | 1600 | 52,71,74,400 | 52,71,74,400 |
| **ആകെ** | **48,86,792** | | **24,30,89,800** | | **757,57,77,400** | **781,88,67,200** |